## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 532 | 06.02.2013-ലെ മറുപടിയ്ക്ക്

# കൺസ്യൂമർ ഫെഡ് വഴി നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. പി. സജീന്ദ്രൻ<br>,, ശ്രീ. പാലോട് രവി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) അവശ്യനിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് നൽകാൻ കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നടത്തുന്ന നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്കാണ് വിൽപ്പന നടത്തി വരുന്നത്. കൂടാതെ, കൺസ്യൂമർഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിച്ച് ജനങ്ങൾക്ക് കൂടുതൽ സ്ഥലങ്ങളിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി എല്ലാ നിയോജക മണ്ഡലങ്ങളിലും |

മൊബൈൽ ത്രിവേണി സ്റ്റോറുകളും കൂടാതെ, 7 ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. മലബാർ ഭാഗത്ത് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 3 ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും ഉടനെ തന്നെ ആരംഭിയ്ക്കുന്നതാണ്. മലബാർ ഭാഗത്ത് അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതിവിപണിയെക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖേനയും കൂടുതൽ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉത്സവ കാലങ്ങളിലെ വിലക്കയറ്റം ഒഴിവാക്കുന്നതിന് കൂടുതൽ വിപണനകേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്.

അടുത്ത 3 വർഷത്തിനുള്ളിൽ എല്ലാ പഞ്ചായത്തുകളിലും ഓരോ മിനി ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ എന്നിവ ഫെഡറേഷന്റെ നേതൃത്വത്തിൽ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

ഫെഡറേഷൻ നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം അവശ്യനിത്യോപയോഗ സാധനങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) എല്ലാ ഇനം അവശ്യ നിത്യോപയോഗ സാധനങ്ങളും ത്രിവേണി സ്റ്റോറുകളിലൂടെ മിതമായ നിരക്കിൽ വിൽപ്പന നടത്തുന്നതിനും നന്മ സ്റ്റോറുകളിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വിലക്കുറവിലും ഉത്സവ കാല വിപണികളിലൂടെ സർക്കാർ സബ്സിഡിയോടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പരമാവധി വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

<u>നന്മ സ്റ്റോറുകളിലൂടെ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്ന 10 ഇനങ്ങൾ</u>

| | |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | മട്ട അരി |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ത്രിവേണി വെളിച്ചെണ്ണ/മറ്റിനം വെളിച്ചെണ്ണ |
| 7 | മുളക്/പിരിയൻ മുളക് |
| 8 | ചെറുപയർ |
| 9 | ഉഴുന്ന് ബോൾ |
| 10 | മല്ലി |

ഇവ കൂടാതെ സ്റ്റേഷനറി ഇനങ്ങൾ ഉൾപ്പെടെ 350 ഓളം മറ്റ് നിത്യോപയോഗ സാധനങ്ങളും നന്മ സ്റ്റോറുകളിൽ കൂടി വിൽപ്പന നടത്തുന്നുണ്ട്.

ഉത്സവകാല സബ്സിഡി
വിപണികളിലൂടെ സർക്കാർ
സബ്സിഡിയോടെ വിൽപ്പന
നടത്തുന്ന 13 ഇനങ്ങൾ

| | |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | കുത്തരി |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ചെറുപയർ |
| 7 | കടല |
| 8 | ഉഴുന്ന് |
| 9 | വൻപയർ |
| 10 | മല്ലി |
| 11 | തുവരപരിപ്പ് |
| 12 | മുളക് |
| 13 | വെളിച്ചെണ്ണ |

(സി) ഇവ വിതരണം ചെയ്യുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ, ഫെഡറേഷന്റെ സഹായത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ, കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകൾ എന്നിവയിലൂടെ വർഷം മുഴുവനും, ഉത്സവകാലങ്ങളിൽ നടത്തുന്ന പ്രത്യേക സഹകരണ

വിപണിയിലൂടെയുമാണ് സാധനങ്ങൾ വിൽപ്പന നടത്തുന്നത്.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള 7 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ കൂടാതെ മലബാർ ഭാഗത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 3 ഒഴുകുന്ന ത്രിവേണികളുടെ പണിപുരോഗമിച്ചു വരുന്നു. ഫെഡറേഷൻ നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളുടെ എണ്ണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ ആയിരമായി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റോറുകളിലേയ്ക്ക് കൃത്യതയോടെ സാധനങ്ങൾ എത്തിക്കുന്നതിനായി കൂടുതൽ ത്രിവേണി ഗോഡൗണുകളും നീതി ഗോഡൗണുകളും നന്മ പാക്കിംഗ് ഗോഡൗണുകളും തുറക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ